കോഴിക്കോട് നഗരത്തിൽനിന്നും 8 കിലോമീറ്റർ അകലെ സ്ഥിതിചെയ്യുന്ന ഞെളിയൻപറമ്പിനെ ലാലൂരുമായി ഏറെ സാമ്യമുണ്ട്. നഗരത്തിൽനിന്നും ഞെളിയൻപറമ്പിലേക്ക് മാലിന്യമെത്താൻ തുടങ്ങിയിട്ട് പതിറ്റാണ്ടുകളായി. ഇവിടെയും ഒരു ഗ്രാമം രോഗാതുരമായിക്കൊണ്ടിരിക്കുകയാണ്.

# വീണ്ടും സമരമുഖമാവുന്ന ഞെളിയൻപറമ്പ്

വി.പി. റജീന

കോഴിക്കോട്നിന്നും തെക്കു ഭാഗത്തേക്ക് നാഷണൽ ഹൈവേ 17ലൂടെ സഞ്ചരിക്കുമ്പോൾ കൈ അറിയാതെ ചെന്ന് മൂക്കുപൊത്തിപ്പോവുന്ന ഒരു സ്ഥലമുണ്ട്. കേരളത്തിൽ കേളികേട്ട ഞെളിയൻപറമ്പ് എന്ന ദേശം. വൃത്തികേടിന്റെ പര്യായമായി ഇവിടുത്തുകാർ പ്രയോഗിക്കുന്ന ഈ പേരിനുപിന്നിൽ ഒരു നീണ്ട പിൻപുറമുണ്ട്. കോഴിക്കോട് നഗരത്തിന്റെ മാലിന്യം പോറാൻ വിധിക്കപ്പെട്ട നിർഭാഗ്യവാൻമാരും നിരാശരുമായ ഒരുകൂട്ടം ജനതയുടെയും മാലിന്യത്തേക്കാളും വൃത്തികെട്ട രാഷ്ട്രീയക്കളികളുടെയും മനംപിരട്ടുന്ന ചരിത്രമാണിത്.

നഗരത്തിൽനിന്നും എട്ടോളം കിലോ മീറ്റർ മാറി ചെറുവണ്ണൂർ - നല്ലളം പഞ്ചായത്തിൽ സ്റ്റീൽ കോംപ്ലക്സിനടുത്ത് 18.5ഏക്കർസ്ഥലത്തായി പരന്നു കിടക്കുന്ന വിശാലമായ ഈ പറമ്പിൽ കോഴിക്കോട് നഗരത്തിലെ 52വാർഡുകളിൽ നിന്നുള്ള മാലിന്യത്തിന്റെ ഒഴുക്കിന് പതിറ്റാണ്ടുകളുടെ ചരിത്ര മുണ്ട്. കൃത്യമായിപറഞ്ഞാൽ മാലിന്യ നിക്ഷേപം ആരംഭിച്ചത് 1937ൽ.

35 വർഷത്തോളമായിട്ട് മാലിന്യം തള്ളൽ അതിന്റെ രൂക്ഷമായ അവസ്ഥ യിലാണിപ്പോൾ. ഒരു ദേശത്തിന്റെ പരിസ്ഥിതിയെയും ആദേശത്തിന്റെ മക്കളുടെ ആരോഗ്യത്തെയും തകർത്തു കളഞ്ഞ മാലിന്യത്തിനെതിരെ ആരംഭിച്ച സമരത്തിന് അത്രതന്നെ വർഷങ്ങളുടെ പഴക്കവുമുണ്ട്.

നഗരത്തിലെ 52വാർഡുകളിൽ നിന്നായി 40തിലധികം കോർപറേഷൻ ലോറികളിലായി മുന്നൂറ് ടണ്ണോളം വരുന്ന നഗര മാലിന്യം പ്രതിദിനം ഇവിടെ നിക്ഷേപിക്കുന്നു.

### രാഷ്ട്രീയക്കളിയിൽ കുരുങ്ങി ശ്വാസം മുട്ടുന്ന ഞെളിയൻപറമ്പ്

ബ്രിട്ടീഷുകാരുടെ കാലത്ത് നഗരവാസികളുടെ മലം കൊണ്ടു തള്ളിയതിൽ തുടങ്ങി ഇന്നിപ്പോൾ പരിസ്ഥിതിക്കും പരിസരവാസികളുടെ ആരോഗ്യത്തിനും അതിഗുരുതരമായ ഭീഷണി ഉയർത്തിക്കൊണ്ട് 18.5ഏക്കറിൽ പ്ലാസ്റ്റിക്മാലിന്യമടക്കം യാതൊരു വിധസംസ്കരണത്തിനുംവിധേയമാക്കാതെ കുന്നുകളായി നിക്ഷേപിക്കുകയാണിവിടെ. എണ്ണമറ്റ സമരങ്ങളും പ്രക്ഷോഭങ്ങളും നടന്നെങ്കിലും അവയെല്ലാം ചൊട്ടുവിദ്യകളും ചെപ്പടിവിദ്യകളിലൂടെയും അധികൃതർ ഒത്തുതീർപ്പാക്കും. പിന്നെയും നഗരത്തിന്റെ വിസർജ്യങ്ങൾ ഏറ്റുവാങ്ങാൻ ഞെളിയൻ പറമ്പ് ബാക്കിയാവുന്നു. മാലിന്യം കൊണ്ട് പൊറുതി മുട്ടിയ നാട്ടുകാരിൽ ചിലർ സമരരംഗത്തിറങ്ങിയത് പഞ്ചായത്ത് ഭരിക്കുന്ന എൽ.ഡി.എഫിനെ ചൊടിപ്പിക്കുകയായിരുന്നു. കോർപറേഷനും പഞ്ചായത്തും ഭരിക്കുന്നത് ഒരേ പാർട്ടിയായതോടെ പ്രശ്ന പരിഹാരം അനന്തമായിനീളുന്നതിന്റെ ചരിത്രം തുടങ്ങുന്നതുംഇവിടെ നിന്നാണ്. അവർ മാലിന്യവും പേറിയെത്തുന്ന വണ്ടികൾ തടഞ്ഞു. എന്നിട്ടും പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടില്ല. അതുവരെ നിശബ്ദമായിരുന്ന പ്രദേശത്തെ രാഷ്ട്രീയ പാർട്ടി ഇളകാൻ തുടങ്ങി. തങ്ങളുടെ പാർട്ടി ഭരിക്കുന്ന പഞ്ചായത്തിൽ കേറി 'വലിയ'ആളുകളാവാൻ നോക്കിയവരെ പാർട്ടിക്കാർ കൈകാര്യംചെയ്തു. പാർട്ടി യോഗം ചേർന്ന് ഈ സമരത്തെ പഞ്ചായത്തിന്റെ മുഖത്തു നിന്നു വഴിതിരിച്ചുവിടാനുള്ള തന്ത്രങ്ങൾ രഹസ്യമായി മെനഞ്ഞു. എന്നാൽ ഇതുകൊണ്ടൊന്നും അ ടങ്ങിയിരിക്കാൻ ഇവിടുത്തെനീതി ബോധമുള്ള ഒരുപറ്റം പേർക്കായില്ല . രാഷ്ട്രീയ ഭേദമന്യേ അവർ ഞെളിയൻ പറമ്പ് നിർമാർജനകമ്മിറ്റി എന്നപേരിൽ ഒരു സമരമുന്നണിക്ക് രൂപം നൽകി. ഞെളിയൻപറമ്പിലേക്ക് നഗരത്തിലെ മാലിന്യ വണ്ടികൾ വരുന്നത് പൂർണമായി തടയുക,ഞെളിയൻ പറമ്പ് മാറ്റി സ്ഥാപിക്കുക എന്നതായിരുന്നു അവരുടെ ആവശ്യം. കക്ഷി രാഷ്ട്രീയത്തിനതീതനായ ആളെ കമ്മിറ്റി കൺവീനറായി തെരഞ്ഞെടുത്തതോടെ സി.പി.എമ്മുകാർ പ്രശ്നം കൂടുതൽ

വഷളാക്കി. രാഷ്ട്രീയ മുതലെടുപ്പിന് യു.ഡി.എഫുകാർ ആളെ നിർത്തി എന്നു പറഞ്ഞ് പ്രശ്നമുണ്ടാക്കി. സമര മുന്നണിക്കെതിരെ പ്രചരണം നടത്തി. വെല്ലുവിളിച്ചു. ഭരണകക്ഷിയെന്ന നിലയിൽ അവരുടെപിന്തുണയില്ലാതെ സമരം വിജയിപ്പിക്കുക എന്നത് സമരക്കാരുടെ മുന്നിൽ കീറാമുട്ടി യായി. സമരക്കാരുടെ വേദികളിൽ നിന്ന് അവർ ഏറെ അകലം പാലിച്ചു. ഒരുസംഘടനാ പക്ഷപാതിത്വമില്ലാത്ത കൺവീനർ സി.പി.എം നേടത്തുന്ന ഞെളിയൻപറമ്പ് യോഗത്തിൽ ചെന്നിരുന്നു. ദുരിതം അനുഭവിക്കുന്ന പരിസരവാസിയെന്ന നിലയിൽ അദ്ദേഹം പരിഹാരത്തിനുവേണ്ടി ശബ്ദിച്ചു. കമ്മിറ്റി ഞെളിയൻപറമ്പ ിലേക്ക് നടത്തിയ മാർച്ചിൽ എല്ലാ പാർട്ടിക്കാരെയും ക്ഷണിച്ചെങ്കിലും സി.പി.എം മാത്രം അതിൽ നിന്ന് വിട്ടു നിന്നു.

ശക്തമായ സമര പരിപാടി കളുമായി മുന്നോട്ട് പോവുമെന്ന് കണ്ട പ്പോൾ പഞ്ചായത്തിൻെറ ചാരൻമാർ രഹസ്യമായി നിരീക്ഷിച്ച് വിവരങ്ങൾ ചോർത്തി നൽകി. പഞ്ചായത്ത ിനെതിരെയുള്ള സമരം ഭരണ പക്ഷക്ക ാർ വഴി തിരിച്ചുവിടുകയായിരുന്നു. പഞ്ചായത്തിലേക്ക് നടത്താനുദ്ദേശിച്ച മാർച്ച് കമ്മിറ്റിയിലെ സി.പിഎമ്മുകാർ വിലക്കി. പഞ്ചായത്തിനെ ഒഴിച്ച് നിർത്തുക. എന്നിട്ട് കോർപറേഷനി ലേക്ക് തിരിച്ചുവിടുക എന്നതായിരുന്ന ു അവരുടെ തന്ത്രം. പഞ്ചായത്ത് ആണ് പ്രാദേശിക ഭരണകൂടം. പ്രദേശ വാസികൾ നികുതി കൊടുക്കുന്നത് പഞ്ചായത്തിനാണ്. അപ്പോൾ പ്രശ്ന പരിഹാരം നടത്തേണ്ടത് പഞ്ചായത്ത ാണ് എന്ന് കമ്മിറ്റിക്കാർവാദിച്ചു.

കഴിഞ്ഞ ജൂലൈയിൽ കമ്മിറ്റി ഈ വിഷയത്തിൽ പാർട്ടികൾക്ക് നിലപാട് വ്യക്തമാനുള്ള വേദിയൊരുക്കി. എന്നാൽ സി.പി.എം മാത്രം വന്നില്ല. അവർ മറ്റൊരു സ്റ്റേജ് കെട്ടി വേറെ പ്രസംഗം നടത്തി. ഈ പ്രശ്നം പൂർണമായി പരിഹരിക്കാൻ കഴിയില്ല എന്ന് പഞ്ചായത്ത് പ്രസിഡണ്ട് അവിടെ വെച്ച് തീർത്തു പറഞ്ഞു. കാരണം മറ്റൊരു സ്ഥലത്ത ഞെളിയൻ പറമ്പ് സ്ഥാപിക്കാൻ അവിടുത്തു കാർസമ്മതിക്കില്ല. ഇപ്പോ ൾ ഇവിടെ ചീത്ത മണമില്ല. ഇവിടെ പ്ലാൻറ് സ്ഥാപിച്ചിട്ടുണ്ട്. അതിൻെറ മുകളിൽ പായ വിരിച്ചിട്ടുണ്ട്. അത് രണ്ട രക്കോടി മുടക്കിയിട്ടുണ്ട്.അതിൻെറ മുകളിൽ മണ്ണിട്ടുണ്ട്. അതിൻമേൽ പച്ചക്കറി നടാമെന്നാണ് ബന്ധപ്പെട്ടവർ പറയുന്നത്. ഡ്രെയിനേജ് കെട്ടി യിട്ടുണ്ട്. ഒരു തുള്ളി വെള്ളം ലീക്കാവുന്നില്ല. ഇപ്പോൾപ്രദേശത്തെ കിണറുകളി ലെത്തുന്നില്ല. ഇങ്ങ നെയൊക്കെ ചെയ്യാനെ കഴിയൂ. ഇതെല്ലാം പഞ്ചായത്ത് ചെയ്തെന്ന മട്ടിലായിരുന്നു പ്രസംഗം. യഥാർ ത്ഥത്തിൽ ഇതെല്ലാം ചെയ്തത് കോർ പറേഷനാണ്. പഞ്ചായത്ത് ഒന്നും ചെയ്തിട്ടില്ല. എന്നാൽപ്രശ്നപരിഹാരം മാത്രം ഉറപ്പു നൽകിയില്ല. ഞെളിയൻ പറമ്പിലേക്കുള്ള മാലിന്യത്തിൻെറ ഒഴുക്ക് തടയാമെന്ന് ഒരുറപ്പും നൽ കിയില്ല.

പ്രശ്നത്തിൽ പ്രതിപക്ഷത്തിൻെറ നിസംഗതയും കൂടിചേർത്തുവെക്കു മ്പോഴെ രാഷ്ട്രീയകളിയുടെയഥാർ തഥ ചിത്രം വ്യക്തമാവൂ. സി.പി.എമ്മി ൻെറ സ്ഥിരം സീറ്റായ എട്ടാം വാർഡ് കഴിഞ്ഞ പഞ്ചായത്ത് തെരഞ്ഞെടുപ്പി ൽ മുസ്ലിം ലീഗ് പിടിച്ചെടുത്തത് ചരിത്രസംഭവമായിരുന്നു. ഞെളിയൻ പറമ്പ് പ്രശ്നം പറഞ്ഞായിരുന്നു അവർ വിജയം കൊയ്തത്. ഈ കാര്യം സമരസമിതിക്കാർ വാർഡ് മെമ്പറെ ചെന്നു കണ്ട് പറഞ്ഞപ്പോൾ വാർഡ് മെമ്പറുടെ മുഖം മാറി. ഈ പ്രശ്നം പഞ്ചായത്തിൽ കാര്യം ചർച്ച ചെയ്തില്ലെന്നും മാലന്യം വരുന്നത് തടയാനോ മറ്റുമൊന്നും ഒരു പ്രമേയം പാസാക്കിയില്ലെന്നും മെമ്പർ തന്നെ പറഞ്ഞതായി സമിതിക്കാർപറയുന്നു. എന്നാൽ പൊതു സമൂഹത്തിനു മുന്നി ൽ അവർ സമരത്തിശൻറ മുന്ന ണിപ്പോരാളികളെന്നമട്ടിൽ സംസാരിക്ക ുകയും ചെയ്യുന്നു.

എന്നാൽ പ്രശ്നത്തിൽ പ്രധാന പ്പെട്ട വഴിത്തിരിവുണ്ടായത് 2005 ഓടെയാണ്.

### പ്ലാൻറിന്റെ വരവോടെ രൂക്ഷമായ പ്രശ്നം

നേരത്തെയുള്ള സമരപരിപാടി കൾ മുക്കമില്ലാതെ നടന്നിട്ടും ഒരു പരിഹാരവും ഇല്ലാതായതോടെ പ്രദേശ വാസിയായ വിശ്വൻ കോടതി കയറി. ഇതെത്തുടർന്ന് ഓംബുഡ്സ മാവൻ സന്ദർശനംനടത്തി. അവരുടെ നിർദേശപ്രകാരമുള്ള കോടതിവിധി യെടർന്ന് 2005ൽ ഇവിടെ മാലിന്യ സംസ്കരണപ്ലാൻറ് സ്ഥാപിച്ചു. എന്ന ാൽ ഞെളിയൻപറമ്പിൽ പ്ലാൻറ് വന്ന തോടെയാണ് ഇവിടുത്തെ പ്രശ്നം പതിൻമടങ്ങ് രൂക്ഷമായതെന്ന് നാട്ട ുകാർ സാക്ഷ്യപ്പെടുത്തുന്നു. മറ്റൊന്ന് ഈ പേരിൽ പലരുടെയും കീശയിലേക്ക് ഒഴുകിയതാവട്ടെ ലക്ഷങ്ങളായിരുന്നു. ഒടുങ്ങാത്ത പ്രശ്നമായി മാലിന്യത്തിൻെറ ഒരുലോകം തന്നെ തീർക്കു കയായിരുന്നു യഥാർത്ഥത്തിൽ പ്ലാൻ റ് വന്നതോടെ. മാലിന്യത്തിൻെറയും പ്ലാസ്റ്റിക്കിൻെറയും കുത്തൊഴുക്ക ായിരുന്നു പിന്നീട്. കടുംബശ്രീ യൂണി റ്റുകൾ കൂടി വന്നതോടെ പ്രശ്നം അതിരൂക്ഷമായി. സ്വന്തം വീട്ടിൽ സംസ്കരിച്ചിരുന്ന മാലിന്യം പ്ലാസ്റ്റിക് കിറ്റുകളിലാക്കി സൂക്ഷിച്ച് വെച്ച് കടുംബശ്രീക്കാർ വരുമ്പോൾ എടുത്തു കൊടുക്കുന്ന പുതിയ സംസ്കാരം ഞെളിയൻ പറമ്പിനെ അക്ഷരാർത്ഥത്തിൽ ഒരു ഭീകര ലോകമാക്കി മാറ്റുകയായിരുന്നു. ഇതിനു പുറമെ കടയൊന്നിന് 50ത് രൂപ നിരക്കിൽ കുടുംബ ശ്രീക്കാർ അറവുശാലകളിൽ നിന്ന് ശേഖ രിക്കുന്ന അറവുമാലിന്യവും ഇപ്പോൾ ദിവസവും ഇവിടേക്ക് കൊണ്ടുവരുന്നു.

പ്രശ്നം രൂക്ഷമായപ്പോൾ മന്ത്രി എളമരം കരീമിന് സമരമുന്നണി നിവേദനം നൽകി. ഇതിൻെറ അടിസ്ഥാനത്തിൽ 2007മാർച്ച്ആറിന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ് കുട്ടി ,മന്ത്രി എളമരം കരീം ബേപ്പൂർ മണ്ഡലം എം.എൽ.എ വി.കെ.സി കോർ പറേഷൻ മേയർഎം.ഭാസ്കരൻ,പഞ്ച ായത്ത് പ്രസിഡൻറ് പി.സി.രാജൻ എന്നിവരുടെ യോഗം തിരുവനന്ത പുരത്ത് ചേർന്നു. എന്നാൽ മുന്ന ണിയിലെ ആരെയും യോഗത്തിലേക്ക് ക്ഷണിച്ചില്ല . വികേന്ദ്രീകരണപ്രക്രിയ അഥവാ നഗരത്തിലെ മാലിന്യങ്ങൾ അതാതിൻെറ ഉൽഭവസ്ഥാനത്ത് തന്നെ സംസ്കരിക്കുക എന്ന സുപ്രധാനതീരുമാനം

യോഗത്തിലെടുത്തു. വികേന്ദ്രീകരണത്തിലൂടെ ഒരുപരിധിവരെ പരിഹരിക്കാമായിരുന്ന മാലിന്യപ്രശ്നം എന്നാൽ അതിനു വേണ്ടി പാസാക്കിയ ലക്ഷങ്ങളുടെഫണ്ട് കോർപറേഷൻ വാങ്ങിപ്പോയെന്നല്ലാതെ രണ്ട് വർഷം കഴിഞ്ഞിട്ടും അതിനുള്ള നടപടികൾ എവിടെയുമെത്തിയില്ല.

2008ജനുവരി29ന് നിയമസഭാ പരിസ്ഥിതി കമ്മിറ്റി ഞെളിയൻ പറമ്പ് സന്ദർശിക്കുകയും കോഴിക്കോട് ടൗൺ ഹാളിൽ വെച്ച് നടത്തിയ സിറ്റിംഗിൽ ഞെളിയൻ പറമ്പ് പരിസ്ഥിതിക്ക് വൻ ഭീഷണിയാണെന്ന് അഭിപ്രായപ്പെടുകയും ചെയ്തു. എന്നാൽ അത്തരമൊരു ഗൗരമായ പഠനത്തിന് യാതൊരുവിധ പരിഗണയും അധികൃതർ നൽകിയില്ലഎന്നതാണ് വസ്തുത.

### സംസ്കരണ പ്ലാൻറിനകത്ത് നടക്കുന്നത്

ഇവിടെയെത്തുന്ന മാലിന്യങ്ങൾ സംസ്കരിച്ച്വളമാക്കുന്നതിനാണ് കോടികൾമുതൽമുടക്കി നാലുവർഷങ്ങൾക്കപ്പുറം പ്ലാൻറ് സ്ഥാപിച്ചത്. ഇതിനിടക്ക് നാലാമത്തെ കമ്പനിയാണ് ഇപ്പോൾ ഈ പ്രവർത്തിയുടെ കരാറേറ്റെടുത്തിരിക്കുന്നത്. ഇപ്പോൾ ഡൽഹിയിലുള്ള ഒരു കമ്പനിക്കാണ് വളമാക്കാനുള്ള അഞ്ചു വർഷത്തേക്കുള്ള കരാർ. കരാർ ഉടമ്പടി പ്രകാരം ഒരു മാസം 40000 രൂപ നിരക്കിൽ കമ്പനി കോർപറേഷന് കൊടുക്കണം. നഗരമാലിന്യം പ്ലാൻറിൻെറ ബോയിലറി ലേക്ക് കോരിയിട്ട് കഴിഞ്ഞാൽ ഒരു ഭാഗത്തൂടെ വളവും ഒരു ഭാഗത്തൂടെ തിരസ്കരണിയും (വളമാവാത്ത അവശിഷ്ടം) ഇറങ്ങും. നൂറിൽ 35 ശതമാനംമാത്രമാണ് വളമായി പുറത്തു വരിക. 65ശതമാനം തിരസ്കരണി യാണ്. എന്നാൽ അത്യധികം അപകട കമായ ഒരിക്കലും സംസ്കരണത്തിന് വിധേയമാവാത്ത ഈ തിരസ്കരണി കോഴിക്കോട് കോർപറേഷന് ഞെളിയൻപറമ്പിൽ നിന്ന് മാറ്റാൻസാധിക്കുന്നില്ല. മാലിന്യത്തിൽനിന്നും മതിയായവളം ഇവിടെ ഉൽപാദിപ്പിക്കാൻ കഴിയുന്നുമില്ല. ഏറെ പഴകിയതും ക്ഷമതയില്ലാത്തതുമായ മിഷണറിയാണ് ഇപ്പോഴുള്ളത്. അതിനാൽ അവിടെയെത്തുന്ന മാലിന്യം വളമാക്കി മാറ്റാൻ സാധിക്കുന്നില്ല. മറ്റൊന്ന് മെഷീൻ സ്ഥാപിച്ച ഷെഡ് മുഴുവൻ മഴപെയ്യുമ്പോൾ ചോർന്നൊലിക്കുന്നു. ഇതിലൂടെവെള്ളം ഇറങ്ങി ഉൽപാദിപ്പിച്ച വളം ഉപയോഗിക്കാൻ പറ്റാത്ത വിധം വീണ്ടും മാലിനപ്പെടുന്നു. അന്വേഷിച്ചുചെന്നപ്പോൾ ഒന്നര മാസത്തത്തോളമായി പ്ലാൻറ് ഇവിടെ പ്രവർത്തിക്കുന്നില്ല എന്ന ഞെട്ടിക്കുന്ന വസ്തുതയാണറിയാൻ കഴിഞ്ഞത്. അഥവാ ഇവിടെയുള്ള ആയിരക്കണക്കിന് ടൺ മാലിന്യം മൂന്നാൾകെട്ടിടത്തിൻെറ ഉയരത്തിൽ ഏക്കറുകളോളംസ്ഥലത്ത് കുന്നുകൂടിക്കിടക്കുന്നു. ഇപ്പോഴും ഒഴുക്ക് തുടരുന്ന മാലിന്യം മുഴുവൻ അവിടെ കൊണ്ടു ചെന്നിട്ട് ഇതിൽ മാരകമായ മരുന്നടിച്ചിട്ട് ബോക്കാക്കി അട്ടി നിർത്തുകയാണ്. പുറത്ത് പോവാത്ത തിരസ്കരണി സ്ഥാപിച്ച് പലയിടങ്ങളിൽകുന്നുകൾ തൂർക്കുന്ന പണിഅവിടെനടക്കുന്നുമുണ്ട്. തിരസ്കരണി ഇവിടെ നിന്ന് പുറത്ത് കൊണ്ട് പോവണമെന്ന കോടതി വിധിനിലനിൽക്കെയാണി പ്രക്രിയ. തിസ്കരണിക്കുമുകളിൽ 30സെൻറീമീറ്റർ കനത്തിൽ ചുവന്ന മണ്ണിടുകയാണ്. യു.പിയിൽ നിന്ന് കൊണ്ട് വരുന്ന റബർ ഷീറ്റ് അതിൻെറയും മുകളിൽ വിരിക്കും. കോടികൾ മുതൽമുടക്കുള്ളതാണിത്. പെയ്യുന്ന മഴ വെള്ളം മാലിന്യത്തിൽ കൂടി താഴേക്കിറങ്ങാതിരിക്കാനാണിത് എന്നു പറയുന്നുണ്ടെങ്കിലും ഇപ്പോൾ തന്നെ അതിൻെറ പലയിടങ്ങളിലും നായ കീറിപ്പൊളിച്ചതു കാണാം.

ചുരുക്കിപ്പറാഞ്ഞാൽ പ്ലാൻറ് മാറ്റി സ്ഥാപിക്കുക,മാലിന്യമൊഴുക്ക് നിർത്തുക എന്നീ സമര മുന്നണിയുടെ ആവശ്യങ്ങളെ പാടെ അവഗണിച്ച് ഞെളിയൻപറമ്പ് അവിടെതന്നെ നിനിർത്താനും വികസിപ്പിക്കാനുമാണ് കോഴിക്കോട് കോർപറേഷനും ചെറുവണ്ണൂർ നല്ലളം പഞ്ചായത്തും ഇപ്പോൾ കളികൾ നടത്തുന്നത്. അതിനായുള്ള ചൊട്ടുവിസദ്യകളും ചെപ്പടിവിദ്യകളും മാ്രമാണിത്. ആന്ധ്രയിലുള്ള കമ്പനിക്ക് ഞെളിയൻ പറമ്പിനു ചുറ്റും സുരക്ഷിതത്വ ബെൽറ്റ് (ഗ്രീൻബെൽറ്റ്) നിർമിക്കാനുള്ള ടെണ്ടർ കൊടുത്തു കഴിഞ്ഞു കോർപറേഷൻ. ഇതിനു പുറമെ മലിന്യം ഇട്ടതിൻെറ ചുറ്റും ഭാഗത്തും ഡ്രെയിനേജ് കെട്ടുവാനും. മലപോലെ കൂട്ടിയിട്ട ചണ്ടിയുടെ മുകളിലുള്ള ഷീറ്റിലൂടെ ഒലിച്ചിറന്ന വെള്ളം ഒഴിഞ്ഞു പോവാനാണിത്. ഇപ്പോൾ വർഷങ്ങളായി സംസ്കരണത്തിന് വിധേയമാ ക്കാതെയാണ് രണ്ട്കിലോമീറ്ററോളം ഡ്രെയിനേജ് കെട്ടി കല്ലായി പുഴയി ലേക്ക് ഒഴുക്കിവിടുന്നത്. വെള്ളം സംസ്കരിക്കാതെ പുറത്ത് വിടരുതെന്ന് നേരത്തെയുള്ള കോടതിവിധി ലംഘിച്ചു കൊണ്ടാണിതും ചെയ്യുന്നത്.

അതിനിടെ സമരമുന്നണി വിവരാവകാശനിയമ പ്രകാരം പ്ലാൻറിന് പെർമിറ്റുണ്ടോ എന്നറിയാൻ അപേക്ഷ കൊടുത്തു. 18.5ഏക്കർസ്ഥലം ആരുടെ കൈവശമാണ്. വർഷങ്ങൾക്ക് മുമ്പ് കൊടുത്ത ലൈസൻസാണ്. പ്ലാനും ലൈസൻസുമൊന്നും ഇല്ലെന്ന മറുപടിയാണ് ഇവർക്ക് ലഭിച്ചത്.

### ഞെളിയൻപറമ്പ് പരിഹാരമില്ലാത്ത പ്രശ്നമോ?

ഇത് പരിഹരിക്കപ്പെടാത്ത പ്രശ്മല്ല എന്ന് സമരമുന്നണി ഉറച്ചു വശ്വസിക്കുമ്പോഴും പ്രദേശവാസികളെ കടുത്ത നിരാശ പിടികൂടിയിരിന്നു. ഒരുപാട് ആളുകൾക്ക് വരുമാനുള്ള നല്ലൊരു കറവപ്പശുവായ ഞെളിയൻപറമ്പിലെ സമരങ്ങളും പ്രക്ഷോഭങ്ങളുംവഴി തിരിച്ചുവിട്ട ചരിത്രം മുന്നിൽനിർത്തിയാണ് അവരിങ്ങനെപറയുന്നത്. ഇത് പിഹരിക്കപ്പെടാതെ നിലനിർത്തേണ്ടത് പഞ്ചായത്തിൻെറയും കോർപറേഷൻെറയും ആവശ്യമാ ണെന്ന് നാട്ടുകാർ പറയുന്നു. പ്രദേശത്തെ ആരോഗ്യാവസ്ഥ കീറിമുറിച്ച് പരിശോധനക്ക് വിധേയ മാക്കുന്ന പക്ഷം ഇവിടുത്തെ ഓരോരുത്തരും ഓരോരോഗങ്ങളുടെ പിടിയിലായിരിക്കും. ഞെളിയൻ പറമ്പിൻെറ ചുറ്റുവട്ടത്ത് പകർച്ചപ്പനി വ്യാപകമാണ്. ഈ പ്രദേശത്തിനടുത്ത് നല്ലളം, ഫറോക്ക്,കല്ലായിഭാഗങ്ങളിൽ നിന്നാണ് നഗരത്തിലെ പനി കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. ഇതിനുപുറമെ പരിസരവാസികളിൽ നല്ലൊരുശതമാനവും സോറിയായിസ്, ആസ്തമ,

*(ശേഷം 15-ാം പേജിൽ)*